# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3476 | 20.06.2018 ൽ മറുപടിക്കുണ്ടായിരുന്നത്

## ബാലിക പീഢനത്തിനിരയായ സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) എടപ്പാൾ തീയേറ്ററിൽ പത്ത് വയസുള്ള (എ) ബാലിക പീഢനത്തിനിരയായ സംഭവത്തിൽ യഥാസമയം പോലീസ് കേസ് എടുത്തിരുന്നോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | എടപ്പാളിലെ ശാരദാമൂവീസ് എന്ന തീയേറ്ററിൽ വച്ച് ബാലികയെ പീഢിപ്പിച്ചതുമായി ബന്ധപ്പെട്ട്. ചൈൽഡ് ലൈൻ പ്രവർത്തകനായ ശിഹാബുദ്ദീൻ 26/03/2018 തീയതി പോലീസിൽ പരാതി നൽകിയിരുന്നെങ്കിലും, മേൽ പരാതിക്ക് ചങ്ങരംകുളം എസ്.ഐ ആയിരുന്ന കെ.ജി. ബേബി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാതെ കാലതാമസം വരുത്തി ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തുകയുണ്ടായി. ആയതിന് ടിയാനെതിരെ ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നം.105/18 u/s 166 (A) & Sec.19 r/w 21 of POCSO Act. 2012 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ്സിന്റെ തുടർന്നുള്ള അന്വേഷണം മലപ്പുറം ജില്ലാ ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി നടത്തി വരുന്നു.<br>തീയേറ്ററിൽ വച്ചുണ്ടായ പീഡനവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സിന്റെ (ചങ്ങരംകുളം പോലീസ് സ്റ്റേഷൻ ക്രൈം നം.103/18 u/s 7 & 8 of POCSO Act & 354 (A) IPC) തുടരന്വേഷണം സംസ്ഥാന ക്രൈം ബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. |

| | |
|---|---|
| (ബി) പ്രസ്തുത കേസിൽ സാക്ഷിയായി വരേണ്ട തീയേറ്റർ ഉടമയെ പോലീസ് അറസ്റ്റ് ചെയ്യുവാനുള്ള സാഹചര്യമെന്തായിരുന്നു;<br><br>(സി) തീയേറ്റർ ഉടമയുടെ അറസ്റ്റ് നിയമപരമാണോ എന്ന് ഡി.ജി.പി. നിയമോപദേശം തേടിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ലഭിച്ച നിയമോപദേശം എന്താണ്; | (ബി) & (സി) തിയേറ്റർ ഉടമയായ ശ്രീ.സതീശനെതിരെ പ്രത്യേകം കേസ്സ് രജിസ്റ്റർ ചെയ്തിട്ടില്ല. ബാലിക പീഡനത്തിരയായ സംഭവവുമായി ബന്ധപ്പെട്ട ചങ്ങരംകുളം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 103/2018 ആയി രജിസ്റ്റർ ചെയ്ത കേസ്സിന്റെ തുടരന്വേഷണം നടത്തിവരവേ, സെക്ഷൻ 19(1) r/w 21 of POCSO Act പ്രകാരം ടിയാനെ പ്രതിയായി ഉൾപ്പെടുത്തിയിരുന്നു. നിലവിൽ കേസ് ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിലാണ്. തീയേറ്റർ ഉടമയെ അറസ്റ്റ് ചെയ്തത് നിയമവിരുദ്ധമാണ് എന്ന ഉപദേശമാണ് ലഭിച്ചിട്ടുള്ളത്. |
| (ഡി) കേസിലെ പ്രതിയും ധനാഢ്യനുമായ വ്യക്തിയെ സംരക്ഷിക്കുവാൻ ശ്രമിച്ച പോലീസ് ചൈൽഡ് ലൈൻ പ്രവർത്തകരെ സംഭവം അറിയിച്ച തീയേറ്റർ ഉടമയെ അറസ്റ്റ് ചെയ്തത് നീതീകരിക്കത്തക്കതാണോ; | (ഡി) ഇത് സംബന്ധിച്ച അന്വേഷണം നടന്നു വരുന്നു |
| (ഇ) ദൃശ്യങ്ങൾ സഹിതം പോലീസിൽ പരാതി നൽകിയിട്ടും കേസെടുക്കുന്നത് വൈകിപ്പിച്ച പോലീസ് ഉദ്യോഗസ്ഥന്റെ നടപടി പോക്സോ നിയമപ്രകാരം കുറ്റകരമാണോ; | (ഇ) ഇക്കാര്യത്തിന് പോലീസ് ഉദ്യോഗസ്ഥനെതിരെ പോക്സോ ആക്ട് പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, കേസ്സ് അന്വേഷണാവസ്ഥയിലുമാണ്. |
| (എഫ്) എങ്കിൽ, പ്രസ്തുത ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്യുവാൻ വൈകിയതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ? | (എഫ്) പോലീസ് ഉദ്യോഗസ്ഥനായ ശ്രീ.കെ.ജി. ബേബിയെ 05/06/2018 തീയതി 10 മണിക്ക് അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചു.ടിയാനെതിരെ രജിസ്റ്റർ ചെയ്ത ക്രൈം 105/18 നമ്പർ കേസ്സിന്റെ തുടർന്നുള്ള അന്വേഷണം മലപ്പുറം ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി ഏറ്റെടുത്ത് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ.